REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 14-01-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- രണ്ടു ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് തമിഴ്നാട്ടിലെത്തും.
- സംസ്ഥാന സ്കൂൾ കലോത്സവത്തിന് തൃശൂരിൽ രാവിലെ തിരിതെളിയും. മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും.
- ശബരിമലയിൽ മകരവിളക്ക് ഇന്ന്. തിരുവാഭരണ ഘോഷയാത്ര വൈകിട്ട് സന്നിധാനത്തെത്തും.
- ഇന്ത്യ- ന്യൂസിലാന്റ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഉച്ചയ്ക്ക് രാജ്കോട്ടിൽ.

## വാർത്തകൾ വിശദമായി

**ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്നും നാളെയും തമിഴ്നാട് സന്ദർശിയ്ക്കും. നാളെ തിരുപ്പൂരിലെ തൈപ്പൊങ്കൽ ആഘോഷങ്ങളിൽ പങ്കുചേരുന്ന അദ്ദേഹം പിന്നീട് KMC ആശുപത്രിയിലെ OP ബ്ലോക്ക് ഉദ്ഘാടനം ചെയ്യും. കോയമ്പത്തൂരിൽ ശ്രീരാമകൃഷ്ണ ഗ്രൂപ്പ് ആശുപത്രികളുടെ സുവർണജൂബിലി ആഘോഷങ്ങളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.**

✪✪✪

**രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ പത്താമത് സായുധസേനാ വെറ്ററൻസ് ദിനാഘോഷത്തിൽ പങ്കെടുക്കും.**

**1953 ൽ ഈ ദിവസം വിരമിച്ച ഇന്ത്യൻ സൈന്യത്തിന്റെ ആദ്യത്തെ കമാൻഡർ-ഇൻ-ചീഫ് ആയിരുന്ന ഫീൽഡ് മാർഷൽ KM കരിയപ്പയെ**

ആദരിക്കുന്നതിനായാണ്  ജനുവരി 14 സായുധസേനാ വെറ്ററൻസ് ദിനമായി ആചരിക്കുന്നത്.

✪✪✪

നായ്കടിയേൽക്കുന്നവർക്ക് വൻതുക നഷ്ടപരിഹാരം നൽകാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുമെന്ന് സുപ്രീംകോടതി അറിയിച്ചു. നായ ഉടമകളെ ഇത്തരം സംഭവങ്ങളിൽ ഉത്തരവാദികളാക്കുകയും ചെയ്യും. തെരുവുനായ ശല്യം നിയന്ത്രിക്കുന്ന നടപടികൾ  കഴിഞ്ഞ അഞ്ചു വർഷമായിട്ടും കൃത്യമായി നടപ്പാക്കാൻ കഴിയാത്തതിൽ ഡിവിഷൻബെഞ്ച് ആശങ്കയും അറിയിച്ചു.

തെരുവുനായ്ക്കൾക്ക് പൊതുസ്ഥലങ്ങളിൽ ഭക്ഷണം നൽകുന്ന സംഘടനകളോടും, വ്യക്തികളോടും സഹാനുഭൂതി മൃഗങ്ങളിൽ മാത്രം ഒതുങ്ങുന്നത് ശരിയാണോ എന്നും കോടതി ചോദിച്ചു. പൊതുസ്ഥലങ്ങളിൽ നിന്നും, സ്ഥാപന പരിസരങ്ങളിൽ നിന്നും, റോഡുകളിൽ നിന്നും തെരുവുനായ്ക്കളെ ഒഴിവാക്കണമെന്ന കഴിഞ്ഞ നവംബറിലെ ഉത്തരവ് പരിഷ്ക്കരിക്കണമെന്ന ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി.

✪✪✪

കേന്ദ്ര ഗവൺമെന്റ് ഇടപെടലിനെ തുടർന്ന് സ്വിഗ്ഗിയും സൊമോറ്റോയുമടക്കം പ്രധാന ഭക്ഷ്യ ഡെലിവറി കമ്പനികൾ 10 മിനിറ്റ് ഡെലിവറി സേവന  സമയപരിധി നീക്കം ചെയ്യാൻ തീരുമാനിച്ചു. ജിഗ് ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കാനും, സേവന വ്യവസ്ഥകൾ മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടാണ് നടപടി.  പ്രധാന ഭക്ഷണവിതരണ പ്ലാറ്റ്ഫോമുകളായ  ബ്ലിങ്കിറ്റ്, സെപ്റ്റോ, സൊമാറ്റോ, സ്വിഗ്ഗി എന്നിവയുമായി ഗവൺമെന്റ് നടത്തിയ  ചർച്ചയെ തുടർന്നാണ് തീരുമാനം.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന് തൃശൂരിൽ ഇന്ന് തിരിതെളിയും. തേക്കിൻകാട് മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ മേള  ഉദ്ഘാടനം ചെയ്യും.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്......

....(വോയ്സ്).....

✪✪✪

ലക്ഷദ്വീപിൽ നാവികസേന മൾട്ടിസ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. കവരത്തി ഇന്ദിരാഗാന്ധി ആശുപത്രിയിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന ചടങ്ങിനെ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് വിഡിയോസന്ദേശത്തിൽ അഭിസംബോധന ചെയ്തു.

✪✪✪

ശബരിമലയിൽ ഇന്ന് മകരവിളക്ക് മഹോത്സവം. മകരജ്യോതി ദർശനത്തിന് ഒരുക്കങ്ങൾ പൂർത്തിയായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. K. ജയകുമാർ അറിയിച്ചു. തീർത്ഥാടക തിരക്ക് നിയന്ത്രിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

....(വോയ്സ്).......

സന്നിധാനത്ത് മകരസംക്രമപൂജ, തിരുവാഭരണം ചാർത്തി ദീപാരാധന, മകര ജ്യോതി ദർശനം, മാളികപ്പുറത്തു നിന്നുള്ള അയ്യപ്പ സ്വാമിയുടെ എഴുന്നള്ളത്ത്, മണിമണ്ഡപത്തിലെ കളമെഴുത്ത് തുടങ്ങിയ പ്രധാന ചടങ്ങുകകളാണ് നടക്കുക. മകരസംക്രമപൂജ ഇന്ന് വൈകിട്ട് 3.08ന് നടക്കും. ഉത്തരായനത്തിനു തുടക്കം കുറിക്കുന്ന സംക്രമമുഹൂർത്തത്തിൽ അയ്യപ്പ സ്വാമിക്കു സംക്രമപൂജയും അഭിഷേകവും നടക്കും. സ്വാമിക്ക് അഭിഷേകത്തിനു

കവടിയാർ കൊട്ടാരത്തിൽ നിന്നു അയ്യപ്പ മുദ്രയുമായി പ്രത്യേക ദൂതൻവഴി എത്തിച്ച നെയ്യാണ് ഉപയോഗിക്കുന്നത്. തിരുവാഭരണ ഘോഷയാത്ര ഇന്നു വൈകിട്ട് 6.25ന് സന്നിധാനത്ത്

എത്തും. പതിനെട്ടാംപടി കയറി സോപാനത്ത് എത്തുമ്പോൾ തന്ത്രി കണ്ഠര് മഹേഷ് മോഹനരും മേൽശാന്തി ഇ.ഡി.പ്രസാദ് നമ്പൂതിരിയും ചേർന്ന് ഏറ്റുവാ ങ്ങി ദീപാരാധനയ്ക്കായി നട അടയ്ക്കും. തിരുവാഭരണം ചാർ ത്തി മഹാ ദീപാരാധന നടക്കുമ്പോൾ കിഴക്കൻ ചക്രവാളത്തിൽ മകര നക്ഷത്രം ഉദിക്കുകയും കൃഷ്ണപരുന്ത്മാനത്ത്വട്ടമിട്ടു പറക്കുകയും ചെയ്യും.ഈ സമയം

പൊന്നമ്പലമേട്ടിൽ മകര ജ്യോതി തെളിയും. ജ്യോതി ദർശനത്തിനു ശേഷം തീർഥാട കർ മലയിറങ്ങും.

✪✪✪

തിരുവാഭരണ ഘോഷയാത്രയുടെ മൂന്നാം ദിവസമായ ഇന്ന് രാവിലെ പത്തു മണിയോടെ യാത്രാസംഘം അട്ടത്തോട് മണ്ഡപത്തിലെത്തും. തുടർന്ന് വനപാതയിലൂടെ ശരംകുത്തി വഴി വൈകിട്ട് സന്നിധാനത്തെത്തും.

മകരവിളക്കിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ ഇന്ന് പ്രാദേശിക അവധി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ അഞ്ച് പഞ്ചായത്തുകളിലും സ്കൂളുകൾക്ക് അവധിയായിരിക്കും.

✪✪✪

ശബരിമലയിലെ സ്വർണ്ണക്കൊള്ളയിൽ പ്രതിഷേധിച്ച് BJP ഇന്ന് സംസ്ഥാനത്തെ പതിനായിരം കേന്ദ്രങ്ങളിൽ ശബരിമല സംരക്ഷണ ജ്യോതി തെളിയിക്കും. പാർട്ടി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും വൈകിട്ട് ആറിനാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

തന്ത്രി കണ്ഠരര് രാജീവരുടെ വീട്ടിൽ നിന്ന് കണ്ടെത്തിയ വാജി രൂപം പ്രത്യേക അന്വേഷണ സംഘം കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കി. പഴയ കൊടിമരത്തിലുണ്ടായിരുന്ന കുതിരരൂപം ഏറെക്കാലമായി തന്ത്രി കൈവശം വച്ചിരിക്കുകയായിരുന്നുവെന്ന് സംഘം അറിയിച്ചു.

✪✪✪

ശബരിമലയടക്കം ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ നിന്ന് സ്വർണ്ണ ഉരുപ്പടികൾ കവർച്ച ചെയ്ത കേസിൽ അന്വേഷണം CBI യെ ഏൽപ്പിക്കണമെന്ന് മാർഗ്ഗദർശകമണ്ഡലം സംസ്ഥാന അദ്ധ്യക്ഷൻ സ്വാമി ചിദാനന്ദപുരി ആവശ്യപ്പെട്ടു. ഇക്കാര്യം ആഭ്യന്തരമന്ത്രി അമിത്ഷായുമായി സംസാരിച്ചിട്ടുണ്ടെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. സ്വർണ്ണക്കൊള്ള ആസൂത്രണം ചെയ്തവർക്ക് അന്തർസംസ്ഥാന ബന്ധമുണ്ടെന്നും, കുറ്റം ചെയ്തവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും സ്വാമി ചിദാനന്ദപുരി പറഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് നിയമസഭാ പുസ്തകമേളയിൽ കേരളാ ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് സ്റ്റാളിൽ അവതരിപ്പിച്ച ഉപകരണങ്ങളും പുസ്തകങ്ങളും പലർക്കും പുതിയ അനുഭവമായി. വിൽപനയെക്കാൾ ഇത്തരം പുസ്തകങ്ങളേയും വായനാ സഹായികളെയും പരിചയപ്പെടുത്താനായിരുന്നു ശ്രമമെന്ന് സംഘാടകർ അറിയിച്ചു.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

........(വോയ്സ്)................

കാഴ്ചപരിമിതർക്ക് പാമ്പും കോണിയും കളിക്കാനാവുമോ എന്നതായിരുന്നു കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സ്റ്റാളിൽ എത്തിയ പലർക്കുമുണ്ടായിരുന്ന സംശയം. ബ്രെയിൽ രീതിയിലെ ബോർഡും കരുക്കളും ഉപയോഗിച്ച് അതൊന്നും കാണാതെ തന്നെ രസകരമായി പാമ്പും കോണിയും കളിക്കുന്നത് അവിടെ പ്രദർശിപ്പിച്ചു. വിനോദം മാത്രമല്ല, വിജ്ഞാനവും ഇവിടെ പ്രദർശന വസ്തുക്കളിൽ ഉൾപ്പെടുത്തിയിരുന്നു. കാഴ്ചയില്ലെങ്കിലും എഴുതാനും വായിക്കാനും സാധിക്കുന്ന ബ്രെയിൽ ഇവിടെ എത്തിയവർക്ക് മുന്നിൽ പരിചയപ്പെടുത്തി. മലയാളത്തിലെ ഏതാനും പ്രമുഖ പുസ്തകങ്ങളുടെ ബ്രെയിൽ പതിപ്പുകളും ഇവിടെയുണ്ടായിരുന്നു. സ്മാർട്ട് ഫോണുമായി ബന്ധിപ്പിച്ച് മുന്നിലുള്ള വസ്തുക്കൾ തിരിച്ചറിയാനും ടെക്സ്റ്റുകൾ വായിക്കാനും സഹായിക്കുന്ന സ്മാർട്ട് ഗ്ലാസുകളും ഏറെ ശ്രദ്ധേയമായി.

✪✪✪

കേരളത്തെ സമ്പൂർണ ബിരുദ സംസ്ഥാനമാക്കി മാറ്റാൻ സാക്ഷരതാ മിഷൻ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവെച്ചു. പ്ലസ് ടു യോഗ്യത നേടിയ പഠിതാക്കൾക്ക് തുല്യതാ വിദ്യാഭ്യാസത്തിലൂടെ ബിരുദം നേടാൻ ഇതുവഴി അവസരം ലഭ്യമാകും. മന്ത്രി ഡോ. R ബിന്ദുവിന്റെ ചേമ്പറിലാണ് ധാരണാപത്രം ഒപ്പുവെച്ചത്.

✪✪✪

ഇത്തവണത്തെ റിപ്പബ്ലിക്ക് ദിനത്തിൽ രാഷ്ട്രപതി ഭവനിലെ അറ്റ് ഹോം പരിപാടിയിലേക്ക് ക്ഷണം ലഭിച്ച സന്തോഷത്തിലാണ് കണ്ണൂർ ചിറയ്ക്കലിലെ കളരി ഗുരുക്കൾ SRD പ്രസാദ്.

കണ്ണൂർ പ്രതിനിധി KO ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

...(വോയ്സ്)...........

✪✪✪

**പ്രധാൻമന്ത്രി ധൻധാന്യ കൃഷിയോജനയുടെ ജില്ലാതല അവലോകന യോഗം കാസർകോട്ട് ചേർന്നു.**

**കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.**

**.....(വോയ്സ്).....**

✪✪✪

**ഇന്ത്യ- ന്യൂസിലാന്റ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. രാജ്കോട്ടിലെ നിരഞ്ജൻ ഷാ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് ഒന്നരയ്ക്ക് മത്സരം തുടങ്ങും.**

✪✪✪

**തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ ലക്ഷദീപത്തോട് അനുബന്ധിച്ച് വൈകിട്ട് നാല് മുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നിയന്ത്രണമേർപ്പെടുത്തിയ റോഡുകളിൽ പാർക്കിംഗും അനുവദിക്കില്ല.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യരാജൻ*
*DEO : ഷീബ*